# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യക്കെതിരെ പാകിസ്ഥാൻ നടത്തുന്ന നിഴൽ യുദ്ധം ആസൂത്രിത യുദ്ധ തന്ത്രമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, terrorist activities by Pakistan are not proxy war but well-planned war strategy against India.**

2. കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരും; കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത.

   **Thunderstorms, Heavy Rain, and Strong Winds to Continue in Kerala; Red Alert in Kozhikode and Wayanad Districts.**

3. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാനുള്ള സമയപരിധി സെപ്റ്റംബർ 15 വരെ നീട്ടി.

   **Last date of filing Income Tax Returns extends from 31st July to 15th September.**

4. പരമ്പരാഗത വൈദ്യശാസ്ത്ര സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ലോകാരോഗ്യ അസംബ്ലിയിൽ ആവർത്തിച്ച് ഇന്ത്യ.

   **India has reiterated its strong commitment to strengthening Traditional Medicine systems as part of an integrated approach to healthcare, at World Health Assembly.**

5. ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഗുൽവീർ സിംഗിന് സ്വർണം.

**India's Gulveer Singh clinches gold medal at Asian Athletics Championships.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് ജയം; ക്വാളിഫയർ മത്സരങ്ങൾക്ക് നാളെ തുടക്കം.**

   **In IPL T20 Cricket, Royal Challengers Bengaluru beat Lucknow Super GiantS. Qualifiers will begin tomorrow.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM – PROXY WAR PAK STRATEGY (INTRO)

ഇന്ത്യക്കെതിരെ പാകിസ്ഥാൻ നടത്തുന്ന നിഴൽ യുദ്ധം ആസൂത്രിത യുദ്ധ തന്ത്രമാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ ഗാന്ധിഗറിൽ ഇന്നലെ നടന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കൊല്ലപ്പെട്ട തീവ്രവാദികൾക്ക് സർക്കാർ ബഹുമതികൾ നല്കിയതുൾപ്പടെയുള്ള പാകിസ്ഥാന്റെ പ്രവർത്തനങ്ങൾ ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തെളിവാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്....)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH SINGH–ACMA

ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുക ലക്ഷ്യമിട്ടുള്ള അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റ് പ്രോഗ്രാം എക്സിക്യൂഷൻ മോഡലിന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നൽകി. ആഭ്യന്തര എയ്റോസ്പേസ് വ്യാവസായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. എയ്റോസ്പേസ് മേഖലയിൽ സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിന് തദ്ദേശീയ വൈദഗ്ദ്ധ്യം, ശേഷി എന്നിവ

പ്രയോജനപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ALL-PARTY DELEGATION (INTRO)

ഭീകരവാദത്തിനെതിരെ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനുള്ള സർവകക്ഷി പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു. ഡിഎംകെ എംപി, കനിമൊഴിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം സ്ലോവേനിയയിൽ നിന്നും ഗ്രീസിലെത്തി. ഭീകരതക്കെതിരെ ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്ലൊവീനിയൻ ഭരണകൂടത്തിനു വ്യക്തമായ ധാരണയുണ്ടെന്നും ഇന്ത്യയുടെ ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ സ്ലോവേനിയ പൂർണ പിന്തുണ അറിയിച്ചതായും കനിമൊഴി എം.പി പറഞ്ഞു.

(വോയിസ്....)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## AIR INDIA- TEL AVIV

ടെൽ അവീവിലേക്കും തിരിച്ചുമുള്ള എല്ലാ വിമാന സർവീസുകളും നിർത്തിവെച്ചത് അടുത്ത മാസം 19 വരെ തുടരുമെന്ന് എയർ ഇന്ത്യ. മെയ് 4-നുണ്ടായ ആക്രമണത്തെ തുടർന്നാണ് ഈ തീരുമാനം. യെമനിൽ നിന്ന് ഹൂതി ഭീകരർ തൊടുത്ത ബാലിസ്റ്റിക് മിസൈൽ തടയുന്നതിൽ ഇസ്രായേലി വ്യോമ പ്രതിരോധ സംവിധാനങ്ങൾ പരാജയപ്പെട്ടിരുന്നു. ഇതിന് പിന്നാലെ, ടെൽ അവീവിലേക്കുള്ള മിക്ക വിമാന സർവ്വീസുകളും വിദേശ വിമാനക്കമ്പനികൾ റദ്ദാക്കിയിട്ടുണ്ട്. മെയ് 25 വരെ നിർത്തി വെച്ച സർവീസുകളാണ് എയർ ഇന്ത്യ അടുത്ത മാസം 19 വരെ നീട്ടിയിരിക്കുന്നത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## IT RETURNS

2024-25 സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാനുള്ള സമയപരിധി സെപ്റ്റംബർ 15 വരെ നീട്ടി. സാധാരണ ജൂലൈ 31 ന് അവസാനിക്കുന്ന സമയപരിധിയാണ് ഇത്തവണ ഓൺലൈൻ സൗകര്യം തുറക്കുന്നതിന് മുമ്പ് നീട്ടിയത്. ഐ.ടി റിട്ടേൺ ഫോം, ഓൺലൈൻ സംവിധാനം എന്നിവയിലെ മാറ്റങ്ങൾ, റിട്ടേൺ ഫയൽ ചെയ്യാനുള്ള വിവരങ്ങൾ ലഭ്യമാക്കാനുള്ള താമസം തുടങ്ങിയവ കണക്കിലെടുത്താണ് സമയപരിധി നീട്ടിയത്.

## PRADHAN-EDUCATION

പഠനത്തിൻറെ ഭാവി രൂപപ്പെടുത്തുന്ന ചട്ടക്കൂടായി ദേശീയ വിദ്യാഭ്യാസ നയം മാറുകയാണെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ മീഡിയ നെറ്റ്‌വർക്കിൻറെ വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യങ്ങൾ, ആധുനിക വൽക്കരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ മേഖലയിൽ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## COMMERCE- FDI

2024-25 സാമ്പത്തിക വർഷത്തിൽ 81.04 ബില്ല്യൺ യു.എസ് ഡോളറിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപം ഇന്ത്യയിലേക്കെത്തിയതായി കേന്ദ്ര വാണിജ്യ മന്ത്രാലയം. കഴിഞ്ഞ തവണത്തെക്കാൾ 14 ശതമാനം വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷം ഇത് 71.28 ബില്ല്യൺ ഡോളറായിരുന്നു. സേവന മേഖലയിൽ നിന്നാണ് ഏറ്റവും കൂടുതൽ നിക്ഷേപം എത്തിയത്. 19 ശതമാനമാണ് ഈ മേഖല നൽകിയ സംഭാവന.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CONTAINER SHIP- CM

എറണാകുളത്തിനടുത്ത് മുങ്ങിയ കപ്പലിലെ കണ്ടെയ്നറിൽ നിന്നു തീരത്ത് അടിഞ്ഞ പ്ലാസ്റ്റിക് നീക്കം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ സിവിൽ ഡിഫൻസാണ് ഇതിനായി രംഗത്തിറങ്ങുന്നത്. തീരത്തടിയുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബന്ധപ്പെട്ട കലക്ടർമാർക്ക് നൽകും. സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുന്നതിനുള്ള നടപടികൾ കളക്ടർമാർ അഗ്നിരക്ഷാ സേനയുടെ സഹായത്തോടെ സ്വീകരിക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിലെ, അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ ആറ് വിക്കറ്റിന്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പരാജയപ്പെടുത്തി. ഇന്നലെ നടന്ന മത്സരത്തിൽ 228 റൺസ് വിജയലക്ഷ്യം പിന്തുടർന്ന റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു 8 പന്ത് ബാക്കി നിൽക്കെ നാല് വിക്കറ്റ് നഷ്ടത്തിൽ 230 റൺസ് നേടി. നാളെ നടക്കുന്ന ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും. മൂന്നാം സ്ഥാനത്തേക്ക് വെള്ളിയാഴ്ച നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ASIAN ATHLETIC CHAMPIONSHIP

ദക്ഷിണ കൊറിയയിൽ നടക്കുന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് ആദ്യ

സ്വർണ്ണം. പുരുഷൻമാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗ് ആണ് ഇന്ത്യക്കായി മെഡൽ നേടിയത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## INDIA- WHA MEETING (INTRO)

ആരോഗ്യ സംരക്ഷണത്തിനായുള്ള സംയോജിത സമീപനത്തിന്റെ ഭാഗമായി പരമ്പരാഗത വൈദ്യശാസ്ത്ര സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ലോകാരോഗ്യ അസംബ്ലിയിൽ ആവർത്തിച്ച് ഇന്ത്യ. ദേശീയ, ആഗോള ആരോഗ്യ ചട്ടക്കൂടുകളിൽ തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത രീതികൾ ഉൾപ്പെടുത്താനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി അരിന്ദം ബാഗ്ചി എടുത്തു പറയുകയും ചെയ്തു.

(വോയിസ്....)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. ഇടുക്കി, കോഴിക്കോട്,വയനാട് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതിനാൽ ഈ മാസം 31 വരെ അതിശക്തമായ മഴയ്ക്കു സാധ്യതയുണ്ട്. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## RAIN- DAMAGE

ശക്തമായ മഴയിൽ കേരളത്തിൽ വ്യാപക നാശനഷ്ടം. പലയിടങ്ങളിലും റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. നദികളിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. ട്രെയിൻ ഗതാഗതവും ഭാഗികമായി തടസ്സപ്പെട്ടു. കിഴക്കൻ വെള്ളം എത്തിയതോടെ കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. രണ്ടു പാടശേഖരങ്ങളിൽ മട വീണു. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് റവന്യു മന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പറായ 0471 - 25 18 655 ൽ ബന്ധപ്പെടാവുന്നതാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PLUS ONE - CORRECTION

കേരളത്തിൽ പ്ലസ് വൺ ഏക ജാലക പ്രവേശനത്തിനായുള്ള അപേക്ഷകളിൽ ഓപ്ഷൻ ഉൾപ്പെടെ തിരുത്തലിന് അവസരം. ഇന്ന് വൈകിട്ട് അഞ്ച് വരെ ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിച്ച് ക്യാൻഡിഡേറ്റ് ലോഗിനിലെ എഡിറ്റ് ആപ്ലിക്കേഷൻ വഴി തിരുത്തൽ നടത്താം. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെന്റ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## EID-UL-FITR - KHASIS

സംസ്ഥാനത്ത് ബലിപെരുന്നാൾ അടുത്ത മാസം ഏഴിനായിരിക്കുമെന്ന് വിവിധ ഖാസിമാർ. ദുൽഖഅ്ദ് 29 ആയ ഇന്നലെ ദുൽഹിജ്ജ മാസപ്പിറവി കണ്ടതായി വിശ്വസനീയ വിവരം ലഭിച്ചില്ലെന്ന് ഖാസിമാർ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## HAJJ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ പ്രവർത്തിക്കുന്ന ഹജ്ജ് ക്യാമ്പ് ഇന്ന് രാത്രി സമാപിക്കും. തീർഥാടകരുമായുള്ള അവസാന വിമാനം നാളെ പുലർച്ചെ 12.45-ന് പുറപ്പെടും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NAVY- NAVIKA SAGAR PARIKRAMA

നേവിയുടെ കപ്പലായ തരിണിയിൽ ലോക പര്യടനം നടത്തുന്ന സാഗർ പരിക്രമ സംഘത്തെ സ്വാഗതം ചെയ്യാൻ ഒരുങ്ങി നാവികസേന. നാളെ സംഘം ഗോവൻ തീരത്ത് എത്തുമെന്ന് നാവികസേന അറിയിച്ചു. മർമ്മഗോവ തുറമുഖത്ത് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SPECIAL FEATURE – PARAM VIR CHAKRA

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സായുധ സേനയ്ക്കുള്ള ആദരസൂചകമായി ആകാശവാണി ന്യൂസ് പരം വീർ ചക്ര എന്ന പരമ്പര അവതരിപ്പിക്കുന്നു. പരിപാടിയുടെ ഭാഗമായി 1962 ൽ നടന്ന ഇന്ത്യ ചൈന യുദ്ധത്തിൽ വീര മൃത്യു വരിച്ച പരം വീർ ചക്ര സുബേദാർ ജോഗീന്ദർ സിങ്ങിനെ ആദരസൂചകമായി സ്മരിക്കുന്നു. വടക്കു- കിഴക്കൻ പ്രവിശ്യയിലെ തവാങ് മേഖലയിലെ കരസേന പ്ലാറ്റൂണിനെ ധീരമായി നയിച്ച അദ്ദേഹം ചൈനീസ് ആക്രമണത്തെ ധീരമായി ചെറുത്തുനിന്നു. ഇന്ത്യൻ സേനയുടെ കനത്ത നാശ നഷ്ടത്തെയും പരുക്കുകളെ അവഗണിച്ച് അദ്ദേഹം തീർത്ത പ്രതിരോധത്തിന്റെയും ആദര സൂചകമായി രാജ്യം അദ്ദേഹത്തിന് മരണാന്തരം പരം വീർ ചക്ര നൽകി ആദരിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡